# 2010-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2000-ലെ കേരള സ്പോർട്ട്സ് ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2000-ലെ കേരള സ്പോർട്ട്സ് ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 6-ഉം 7-ഉം വകുപ്പുകൾ 2008 ആഗസ്റ്റ് 17-ാം തീയതിയും ശേഷിക്കുന്ന വ്യവസ്ഥകൾ 2009 ജനുവരി 5-ാം തീയതിയും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2000-ലെ കേരള സ്പോർട്ട്സ് ആക്റ്റിലെ (2001-ലെ 2) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (ii)-ാം ഇനത്തിൽ, "അന്തർദേശീയ" എന്ന വാക്കിനുപകരം "അന്തർദേശീയ അല്ലെങ്കിൽ ദേശീയ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, (എച്ച്) ഇനത്തിൽ,—

(എ) "തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും" എന്ന വാക്കുകൾക്ക് പകരം "അംഗങ്ങളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) ''അന്തർദേശീയ'' എന്ന വാക്കിനു പകരം ''അന്തർദേശീയ അല്ലെങ്കിൽ ദേശീയ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിന്റെ (3)-ാം ഉപ വകുപ്പിൽ, ''നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ'' എന്ന ശീർഷകത്തിൻകീഴിൽ (ബി) ഖണ്ഡത്തിന്റെ (iv)-ാം ഇനത്തിൽ, ''അന്തർദേശീയ'' എന്ന വാക്കിനു പകരം ''അന്തർദേശീയ അല്ലെങ്കിൽ ദേശീയ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപ വകുപ്പിൽ, ''സർക്കാർ സർവ്വീസിലെ ഡെപ്യൂട്ടി കളക്ടറുടെ'' എന്ന വാക്കുകൾക്കു പകരം ''കേരള സെക്രട്ടേറിയറ്റ് സർവ്വീസിലെ സെക്ഷൻ ഓഫീസർ പദവിയിൽ അല്ലെങ്കിൽ സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിലെ സമാന'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. 47 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 47 എ വകുപ്പിൽ ''രണ്ട് വർഷക്കാലത്തേക്കോ'' എന്ന വാക്കുകൾക്കു പകരം ''മൂന്നര വർഷക്കാലത്തേക്കോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. സാധൂകരിക്കൽ.—പ്രധാന ആക്റ്റിലോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രധാന ആക്റ്റിലെ 47 എ വകുപ്പുപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്ത് ഗസറ്റ് വിജ്ഞാപനംവഴി രൂപീകരിച്ച സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടെയും, 2008 ആഗസ്റ്റ് 17-ാം തീയതി അവസാനിച്ച കാലാവധി, ഈ ആക്റ്റുമൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള 47എ വകുപ്പിലെ വ്യവസ്ഥകൾപ്രകാരം ദീർഘിപ്പിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും അതനുസരിച്ച്, പ്രധാന ആക്റ്റിനാലോ അതിൻകീഴിലോ നൽകപ്പെട്ടതായി കരുതപ്പെടുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിലേക്ക് പ്രസ്തുത കൗൺസിലുകൾ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ പ്രസ്തുത കൗൺസിലുകളുടെ കാലാവധി അവസാനിച്ചു എന്ന കാരണത്താൽ മാത്രം അസാധുവായിത്തീരുന്നുവെന്നോ എപ്പോഴെങ്കിലും അസാധുവായിരുന്നുവെന്നോ കരുതപ്പെടാൻ പാടുള്ളതല്ല.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ് (2010-ലെ 4) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ



ആയ ഏതെങ്കിലും നടപടിയോ, അതതു സംഗതിപോലെ, ഈ ആക്റ്റുമൂലം ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.